സാഹചര്യത്തിൽ ഇന്നുതന്നെ അതിന്റെ തീയതി നിശ്ചയിക്കും. ഈ മൂന്നു കാര്യങ്ങളും, ഈറ്റയുടെ ലഭ്യതക്കുറവ് എന്നുള്ളതാണ് ഏറ്റവും മുഖ്യ പ്രശ്നമായി ഉന്നയിച്ചിട്ടുള്ളത്. ശ്രീ. ജോയിയും ഇന്നലെ ആ കാര്യം പറഞ്ഞു. അതിന്റെ വില വർദ്ധനവ്, ക്ഷേമ പ്രവർത്തനങ്ങൾ ഇതു മൂന്നും ചർച്ച ചെയ്യാനായിട്ട് ഒരു കോൺഫറൻസ് വിളിച്ചു കൂട്ടാം. തീയതി ഇന്നുതന്നെ നിശ്ചയിക്കും.

(3) കല്ലൂർക്കാട് ഫയർ സ്റ്റേഷൻ

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ പറയുന്നതിനു മുമ്പ് തന്നെ, നോട്ടീസ് കൊടുത്തപ്പോൾത്തന്നെ ബഹുമാന്യനായ മുഖ്യമന്ത്രി തീരുമാനം എടുത്തു എന്ന് അറിയുന്നതിൽ സന്തോഷമുണ്ട്. ഇത് കല്ലൂർക്കാട്ട് മാത്രമല്ല, കേരളത്തിലെ, പലസ്ഥലങ്ങളിലും ഫയർ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിച്ച നിരവധി ഫയർ സ്റ്റേഷനുകൾ ഇന്നും തുടങ്ങിയിട്ടില്ല എന്നാണ് പറഞ്ഞത്. ഒരു കാര്യം, ഇന്നലെ നിയമസഭയിൽ എനിക്കു തന്ന ഒരു ഉത്തരം, അതാണ് എന്നെ ഏറെ ദുഃഖിപ്പിച്ചത്. കെട്ടിടങ്ങളും സൗകര്യങ്ങളും ലഭ്യമാകാത്തതാണ് ഫയർ സ്റ്റേഷൻ തുടങ്ങുവാൻ കാലതാമസത്തിന് കാരണം എന്നാണ് ഉത്തരം. കെട്ടിടം പണിത് ഏല്പിച്ചിട്ട് രണ്ടുകൊല്ലമായി. ഈ വിധത്തിൽ ഉത്തരം നൽകുന്ന പ്രവണത ശരിയല്ല. കല്ലൂർക്കാട് ഫയർസ്റ്റേഷൻ തുടങ്ങുവാൻ അനുമതി നൽകിയതിൽ മുഖ്യമന്ത്രിയെ അഭിനന്ദിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : ഇന്നലത്തെ കൃാബിനറ്റിൽ ഇത് ഞങ്ങൾ ചർച്ച ചെയ്തു. ആറു ഫയർ സ്റ്റേഷനുകൾ അനുവദിക്കുവാനായിട്ട് തീരുമാനിച്ചു. അതിലൊന്ന് കല്ലൂർക്കാട് ഫയർ സ്റ്റേഷനാണ്. അങ്ങയുടെ നിവേദനവും അങ്ങയുടെ ആവശ്യവുമൊക്കെ വളരെ നാളുകളായി ഉള്ളതാണ്.

(4) കരകൃഷിക്കാർക്ക് വൈദ്യുതി സൗജന്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. അച്ചുതൻ: സർ, നമ്മുടെ സംസ്ഥാനത്ത് നെൽകർഷകർക്ക് പരിപൂർണ്ണമായും കരകർഷകർക്ക് രണ്ട് ഹെക്ടർ വരെയും മോട്ടോർ ഉപയോഗിക്കുന്നതിന് വൈദ്യുതി സൗജന്യമുണ്ട്. അത് കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് അന്നത്തെ ധനകാര്യമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ പ്രഖ്യാപിച്ചതാണ്. അതിനുശേഷം പല തവണയായി മുഴുവൻ കർഷകർക്കും സൗജന്യ വൈദ്യുതി നൽകണമെന്ന് ഞാൻ പല തവണ ഈ സഭയിൽ ആവശ്യപ്പെട്ടതാണ്. എന്റെ മണ്ഡലമായ ചിറ്റൂരും കൊല്ലങ്കോട്ടുമെല്ലാം മഴ ഏറ്റവും കുറവായതുകൊണ്ട് കഴിഞ്ഞ രണ്ട് വർഷമായി വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഇപ്പോൾ വൈദ്യുതി ഡിസ്കണക്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. തൊട്ടടുത്ത് കിടക്കുന്ന തമിഴ്നാട്ടിൽ ആദ്യം സൗജന്യമായിരുന്നു. പിന്നീട് അത് പുനഃസ്ഥാപിച്ചു. ഇലക്ഷനിൽ പരിപൂർണ്ണമായി തോറ്റപ്പോൾ അത് വീണ്ടും സൗജന്യമാക്കി. കർണ്ണാടക ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോൾ തന്നെ പരിപൂർണ്ണമായും സൗജന്യമാക്കി. ആന്ധ്രാപ്രദേശിൽ സൗജന്യമാണ്. ഇവിടെ മാത്രം കർഷകർക്ക് രണ്ട് ഹെക്ടർ എന്ന് ഒരു പരിധി വച്ചിട്ടുണ്ട്. അതുതന്നെ കൃഷി

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെന്റിൽ നിന്നും ഇലക്ട്രിസിറ്റി ബോർഡിൽ പണം അടയ്ക്കാത്തതുകൊണ്ട് മുഴുവൻ കൃഷിക്കാർക്കും ഡിസ്കണക്ഷൻ നോട്ടീസ് കൊടുക്കുന്ന ഒരു സാഹചര്യം ഉണ്ടായിട്ടുണ്ട്. എന്തു കാരണമായാലും ശരി, വൈദ്യുതി ഡിസ്കണക്ട് ചെയ്യരുത്. രാത്രി മുഴുവൻ ഒരു കിണറ്റിൽ നിന്ന് പമ്പ് ചെയ്ത് മറ്റൊരു കിണറ്റിലേക്ക് മാറ്റിയാൽ മാത്രമേ കൃഷിക്കാർക്ക് ഒരു മണിക്കൂർ എങ്കിലും വെള്ളം എടുക്കാൻ കഴിയൂ. അവർക്ക് ഭാരിച്ച കറന്റ് ചാർജ്ജാണ് വന്നിരിക്കുന്നത്. അത് ഒന്നിച്ച് അടയ്ക്കാൻ കഴിയില്ല. അതുകൊണ്ട് വൈദ്യുതി ചാർജ്ജ് പരിപൂർണ്ണമായി ഒഴിവാക്കിക്കൊടുക്കണമെന്നതാണ് എന്റെ ആവശ്യം. അതിനുമുമ്പായി ഇപ്പോൾ ഡിസ്കണക്ഷൻ നോട്ടീസ് കൊടുത്തിരിക്കുന്ന ആളുകൾക്ക് ആര് പണം കെട്ടിയാലും ഇല്ലെങ്കിലും അത് ചെയ്യരുത്. അങ്ങനെ ചെയ്താൽ എന്തെങ്കിലും കഠിനമായ നടപടി എന്റെ ഭാഗത്തു നിന്ന് ഉണ്ടാകും എന്നുകൂടി അറിയിക്കുകയാണ്. മന്ത്രിയുടെ ഭാഗത്തു നിന്ന് ഒരു അനുകൂല മറുപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസമുള്ള കാര്യമാണ്. കേരളത്തിൽ മൊത്തത്തിൽ പ്രത്യേകിച്ച്, ഏറ്റവും കൂടുതൽ വരൾച്ച ബാധിക്കുന്ന ചിറ്റൂർ, പാലക്കാട് മേഖലകളിൽ ഇത് വളരെ ശരിയാണ്. ഇവിടെ 2003-ൽ ഇൻഡ്യൻ പാർലമെന്റ് പാസ്സാക്കിയ ഇലക്ട്രിസിറ്റി ആക്ടാണ് നിലവിലുള്ളത്. ആ ആക്ട് അനുസരിച്ച് ഒരു പൈസയുടെ സൗജന്യംപോലും കൊടുക്കാൻ ബോർഡിന് അധികാരമില്ല. ഇവിടെ നേരത്തെ ചെയ്തുവന്നിരുന്നത് രണ്ട് ഹെക്ടർ വരെയുള്ള കൃഷിക്കാർക്ക് സൗജന്യമാണ്. അത് കൃഷി ഡിപ്പാർട്ടുമെന്റ് ഇലക്ട്രിസിറ്റി ബോർഡിലേക്ക് അടയ്ക്കുകയാണ്. എന്നാൽപ്പോലും ബോർഡിന് നഷ്ടമാണ്. 65 പൈസയാണ് ഈ കൃഷിക്കാരിൽ നിന്ന് ഈടാക്കുന്നത്. 3 രൂപ 85 പൈസയാണ് ഇതിന്റെ കോസ്റ്റ് വരുന്നത്. ഈ സംഖ്യ അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റ് അടയ്ക്കുകയാണ്. 52 കോടി രൂപ ഇപ്പോൾ ബാക്കിയുണ്ട്. എന്നാൽ അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒറ്റ കൃഷിക്കാരന്റേയും കണക്ഷൻ ഡിസ്കണക്ട് ചെയ്യില്ല. ഞങ്ങൾ അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിൽ നിന്ന് വാങ്ങും. അതല്ലാതെ സ്വന്തമായി പണമടയ്ക്കേണ്ട ആളുകളാണെങ്കിൽ അതിന് സർക്കാർ പ്രത്യേക തീരുമാനമെടുക്കാതെ ഇലക്ട്രിസിറ്റി ബോർഡിന് അധികാരമില്ല. ഇപ്പോൾ പുതിയ നിയമം അനുസരിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം റഗുലേറ്ററി കമ്മീഷനാണ്.

(5) ട്രാവൻകൂർ റയോൺസ് തുറന്നു പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സാജുപോൾ: സർ, പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് 1500 തൊഴിലാളികളുള്ള ഒരു കമ്പനിയാണ്. അടച്ചുപൂട്ടിയിട്ട് 44 മാസം പിന്നിട്ടു. കമ്പനി ഏറ്റെടുക്കാൻ വന്ന പ്രൊമോട്ടോർമാരുമായി എം.ഒ.യു. ഒപ്പ് വച്ചിട്ട് ആറു മാസം കഴിഞ്ഞു. 600 കോടി രൂപയുടെ നിക്ഷേപം നടത്തുമെന്നു പറഞ്ഞ് വന്നിട്ടുള്ള പ്രമോട്ടർക്ക് നൽകേണ്ട സഹായങ്ങൾ കൊടുക്കുന്നതിന് ബഹുമാന്യരായ പ്രതിപക്ഷ നേതാവ്, യു.ഡി.എഫ്. കൺവീനർ, പി.കെ.വി. തുടങ്ങി എല്ലാവരും യോജിച്ച്

LIBRARY ARCHIVES Kerala Legislative Assembly